**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 491** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികഗോത്ര വർഗ്ഗക്കാർക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ വി ജോയി** | | **Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | സംസ്ഥാനത്ത് പട്ടികഗോത്രങ്ങളിൽപ്പെട്ടവരെ സ്പെഷ്യൽ ഡ്രൈവിലൂടെ പോലീസ്, എക്സൈസ്, വനം തുടങ്ങിയ വകുപ്പുകളിൽ നിയമിച്ചിട്ടുണ്ടോ; | (എ) | നിയമിച്ചിട്ടുണ്ട്. ആദിവാസി മേഖലകളായ വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാതിർത്തിയിലും വനത്തിനുള്ളിലും നിവസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ യോഗ്യരായ യുവജനങ്ങളിൽ നിന്നും മാത്രമായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി രണ്ട് ഘട്ടങ്ങളിലായി ആകെ 200 പോലീസ് കോൺസ്റ്റബിൾ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുള്ളതാണ്. എക്സൈസ് വകുപ്പിൽ പട്ടിക ഗോത്രങ്ങളിൽപ്പെട്ട 23 സിവിൽ എക്സൈസ് ഓഫീസർമാരെയും 2 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്. വനം-വന്യജീവി വകുപ്പിൽ ജി.ഒ(എം.എസ്)68/2001/വനം തീയതി, 17/11/2001 പ്രകാരം ആദിവാസികളിൽ നിന്നും 300 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ചിരുന്നു. പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നും 2013-ൽ 700 പേരെ ട്രൈബൽ വാച്ചർ തസ്തികയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും ഒരാളെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ ആദിവാസി വിഭാഗത്തിൽ നിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിക്കുന്നതിലേക്കായി, 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സ.ഉ(കൈ) 3/2021/വനം തീയതി, 12/02/2021 പ്രകാരം ഉത്തരവായിരുന്നു. ടി തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച നടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നടന്നുവരുന്നു. |
| (ബി) | ഗോത്രബന്ധു പദ്ധതിയിൽ വയനാടിന് പുറമേ മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ മെന്റർ | (ബി) | ഗോത്രബന്ധു പദ്ധതിയിൽ വയനാടിന് പുറമേ പാലക്കാട് ജില്ലയിൽ 46 പേരെ മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. ആകെ നിയമിക്കപ്പെട്ടവരുടെ എണ്ണം |

| | | | |
|---|---|---|---|
| | ടീച്ചർമാരെ നിയമിച്ചിരുന്നോ; എങ്കിൽ ആകെ എത്ര പേരെയെന്ന് അറിയിക്കാമോ; | | 287 ആണ്. മലപ്പുറം ജില്ലയിൽ 29 പേരെയും പാലക്കാട് ജില്ലയിൽ 10 പേരെയും കൂടി നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | നൈപുണ്യവികസന പരിശീലനം നൽകിയതിൽ എത്രപേർക്ക് പ്ലേസ്മെന്റ് നൽകാനായിട്ടുണ്ട്; ഇവർക്ക് വിദേശത്ത് ജോലി ലഭ്യമാക്കാൻ സർക്കാർ നടത്തിയ ശ്രമം അറിയിക്കാമോ; | (സി) | 2016 മുതൽ 2019 വരെ 4208 പേർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയതിൽ 2990 പേർക്ക് പ്ലേസ്മെന്റ് നൽകി. 22 പേർക്ക് വിദേശത്ത് പ്രധാനമായും ഹോസ്പിറ്റാലിറ്റി, കൺസ്ട്രക്ഷൻ, oil & rig എന്നീ മേഖലകളിൽ പ്രത്യേക പരിശീലനം നൽകി UAE-ൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. 22 യുവാക്കൾക്ക് വിദേശത്ത് ജോലി ലഭിക്കുന്നതിന് യാത്രാ ചെലവ്, മെഡിക്കൽ ഫീസ്, മറ്റ് അനുബന്ധ ചെലവുകൾ എല്ലാം സർക്കാർ വഹിച്ചുകൊണ്ടാണ് ജോലി ലഭ്യമാക്കിയിട്ടുള്ളത്. |
| (ഡി) | ഗോത്രജീവിക പദ്ധതിയിൽ കെട്ടിടനിർമ്മാണ പരിശീലനം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഗോത്രജീവിക പദ്ധതിയിൽ കെട്ടിട നിർമ്മാണ പരിശീലനം നൽകിവരുന്നുണ്ട്. പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അവരുടെ സങ്കേതങ്ങൾക്ക് സമീപത്ത് തന്നെ പരിശീലന സൗകര്യം ഒരുക്കിയാണ് കെട്ടിട നിർമ്മാണത്തിൽ പരിശീലനം നൽകിയത്. കെട്ടിടത്തിന്റെ അസ്ഥിവാരം മുതൽ കട്ടകെട്ടൽ, കോൺക്രീറ്റ്, പെയിന്റിംഗ്, തടിപണി, വയറിംഗ്, ടൈലിംഗ്, പ്ലംബിംഗ് എന്നിങ്ങനെ ഒരു കെട്ടിടം പൂർണ്ണമായും നിർമ്മിക്കുന്നതിനുള്ള ഒരു സമ്പൂർണ്ണ പരിശീലനമാണ് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ് മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം വഴി നൽകിയത്. 2019-20-ൽ 1170 പേർക്ക് പരിശീലനം നൽകി. ഇപ്രകാരം പരിശീലനം നൽകിയവരെ 53 ചെറുസംഘങ്ങളാക്കി മാറ്റി രജിസ്റ്റർ ചെയ്ത് അവർക്ക് തൊഴിൽ ഉപകരണങ്ങൾ കൂടി വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്നു. തുടർന്ന് വകുപ്പിന്റെ ഭവന നിർമ്മാണ പദ്ധതികൾ ഇവർ മുഖേന പൂർത്തിയാക്കി വരുന്നു. കൂടാതെ 2020-21 വർഷത്തിൽ 1050 പേർക്ക് കൂടി ഗോത്ര ജീവിക പദ്ധതിയിൽ ഉൾപ്പെടുത്തി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ